**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 832** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും നൽകുന്നത് മുടങ്ങിയതുമൂലം അവരുടെ പഠനം പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് അടക്കമുള്ള സഹായം ലഭിക്കാത്തത് കാരണം പഠനം പ്രതിസന്ധിയിലാകുന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടില്ല. 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതു കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ മെറിറ്റിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷ ഫീസ് എന്നിവ നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വിതരണം ചെയ്തു വരുന്നു. 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ചു കൊണ്ട് പട്ടികജാതി വിഭാഗം |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ വിതറരണം ചെയ്തിട്ടുണ്ട്. 2023-24 വരെയുള്ള സ്കോളർഷിപ്പ് തുകയുടെ കുടിശ്ശിക വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | രണ്ട് വർഷത്തിലധികമായി മുടങ്ങിക്കിടക്കുന്ന പ്രസ്തുത ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകാൻ കഴിയും; വിശദമാക്കുമോ? | (സി) | സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വിതരണം ചെയ്തു വരുന്നു. 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ചു കൊണ്ട് പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ വിതറരണം ചെയ്തിട്ടുണ്ട്. 2023-24 വരെയുള്ള സ്കോളർഷിപ്പ് തുകയുടെ കുടിശ്ശിക വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ